വി. ആർ. ഡി. റോഡുകളുടെ മെയിൻറനൻസ്

* 1612. [6] ശ്രീ. ആർ. ജനാർദ്ദനൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തിലെ എല്ലാ വി. ആർ ഡി. റോഡുകളും ഗവണ്മെൻറ് ഏറെറടുത്തു മെയിൻറനൻസ് നടത്തുന്നുണ്ടോ;

(ബി) അവയുടെ മെയിൻറനൻസിനു 1958–59–ൽ എത്ര രൂപ ചെലവായി;

(സി) അവയ്ക്കു മെയിൻറനൻസ് ഗ്രാൻറനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ 1958-59-ൽ എത്ര രൂപ; 1959–60-ൽ എത്ര രൂപ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ.ടി. അബ്ദുൽ മജീദ്):

(എ) ഗവണ്മെൻറിൽനിന്നും 1,684 മൈൽ റോഡുകളും എടുത്തിട്ടുള്ളതിൽ 1,256 മൈൽ റോഡ് മെയിൻറനൻസ് ചെയ്യുവരുന്നുണ്ട്.

(ബി) കണക്കു മുഴുവൻ ലഭിച്ചിട്ടില്ല.

(സി) 1958–59–ൽ ഈ റോഡുകൾക്ക് മൂന്നുലക്ഷത്തി എഴുപത്തയ്യായിരം രൂപ അനുവദിച്ചിട്ടുണ്ട്. 1959–60-ൽ പ്രത്യേകം തുക കൊള്ളിച്ചിട്ടില്ല. മൊത്തം നീക്കിവച്ചിട്ടുള്ള തുകയിൽനിന്നു ചെലവഴിക്കുന്നതാണ്.

ശ്രീ. ആർ. ജനാർദ്ദനൻ നായർ: നാട്ടുകാർ ഈ റോഡുകൾക്കുവേണ്ടി സ്ഥലം വെറുതെ കൊടുത്തിട്ടുള്ളതുകൊണ്ട് വലിയ നഷ്ടം നാട്ടുകാർക്കുണ്ട്. സ്ഥലവും നഷ്ടപ്പെട്ടു സഞ്ചാരസൗകര്യവുമില്ലാതെ നാട്ടുകാർ ബുദ്ധിമുട്ടുന്നുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. ടി. അബ്ദുൽമജീദ്: ചില റോഡുകളിൽ ബുദ്ധിമുട്ടുണ്ടെന്നറിയാം.

ശ്രീ. ഗോപാലൻകുട്ടി നായർ: നാഴികയ്ക്ക് എത്ര രൂപവീതം ചെലവാക്കുന്നുണ്ട്?

ശ്രീ. ടി. അബ്ദുൽമജീദ്: നാഴികയ്ക്ക് 300 രൂപ.

ശ്രീ. ആർ. സുഗതൻ: കായംകുളത്തുനിന്നു കാർത്തികപ്പള്ളിവരെയുള്ള റോഡിൻറെ പണി മുതുകുളത്തു വന്നപ്പോൾ ആറുമാസമായി നിറുത്തിവച്ചിരിക്കുന്നതെന്താണെന്നു പറയാമോ?

മി. സ്പീക്കർ: ആർഡർ, ആർഡർ. അതു വേറെ ചോദ്യമായി ചോദിക്കണം.

ശ്രീ. സി. എ. മാത്യു: അയിരത്തി ഇരുന്നൂറിൽപരം മൈൽ റോഡ് മെയിൻറനൻസ് ചെയ്യുവെന്നു പറഞ്ഞു. ബാക്കിഭാഗം മെയിൻറനൻസ് ചെയ്യാതിരിക്കാൻ എന്താണ് കാരണമെന്നു പറയാമോ?

ശ്രീ. ടി. അബ്ദുൽ മജീദ്: മൊത്തത്തിൽ തുകനീക്കിവച്ചിട്ടുണ്ട്. അതിൽ നിന്നു എടുത്തു കൊടുക്കയായി ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: പ്രത്യേക തുക കൊള്ളിക്കാത്ത കാരണമെന്താണ്?

ശ്രീ. ടി. അബ്ദുൽ മജീദ്: മൊത്തം തുകയിൽനിന്നും ആവശ്യാനുസരണം അനുവദിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly